**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** **14-09-2023 - ൽ മറുപടിയ്ക്ക്**

**കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ഉന്നമനത്തിനു കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ഉന്നമനം, ക്ഷേമം എന്നിവ ലക്ഷ്യമാക്കി സമഗ്രമായ പദ്ധതികൾ നിലവിലുണ്ട്. കയർ തൊഴിലാളി ക്ഷേമനിധിയിൽ സാധുവായ അംഗത്വമുള്ള തൊഴിലാളികൾക്ക് 60 വയസ്സ് പൂർത്തിയാവുകയോ സ്ഥായിയായ അവശതമൂലം തൊഴിലെടുക്കാൻ കഴിയാതെ വരികയോ ചെയ്താൽ ലഭിക്കുന്ന മെമ്പർ പെൻഷൻ, 1989 സെപ്റ്റംബർ 30 ന് മുൻപ് 60 വയസ്സ് പൂർത്തിയാവുകയോ തൊഴിലെടുക്കാൻ കഴിയാത്ത തരത്തിൽ ശാരീരിക അസ്വാധീനം സംഭവിക്കുകയോ ചെയ്ത മുൻ കയർ തൊഴിലാളികൾക്കുള്ള പെൻഷൻ, ക്ഷേമനിധി അംഗം മരണപ്പെട്ടാൽ ജീവിതപങ്കാളിക്ക് നൽകുന്ന കുടുംബ പെൻഷൻ, ക്ഷേമനിധിയിൽ നിന്നും അംഗം വിരമിക്കുമ്പോൾ നൽകുന്ന വിരമിക്കൽ ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാസഹായം, ശാരീരിക അവശതയുള്ള പ്രത്യേക സഹായം, അപകടമരണം സംഭവിക്കുന്ന അംഗത്തിന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം, ശവസംസ്കാര സഹായം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം എന്നിവ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നിലവിൽ നൽകിവരുന്നുണ്ട്. കൂടാതെ, പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാനം ഉറപ്പാക്കൽ പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 7,96,05,235/- രൂപ അനുവദിച്ചിട്ടുമുണ്ട്. ക്ഷേമനിധിയിൽ നിന്നും കയർ തൊഴിലാളികൾക്ക് നൽകി വരുന്ന വിവിധ ധനസഹായങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ക്ഷേമനിധി ബോർഡ് സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | കയർ മേഖലയിലെ മുഴുവൻ തൊഴിലാളികളുടെയും | (ബി) | സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ഉന്നമനം, |

| | | | |
|---|---|---|---|
| | ക്ഷേമത്തിനായി ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ; വിശദമാക്കുമോ? | | ക്ഷേമം എന്നിവ ലക്ഷ്യമാക്കി സമഗ്രമായ പദ്ധതികൾ നിലവിലുണ്ട്. കയർ തൊഴിലാളി ക്ഷേമനിധിയിൽ സാധുവായ അംഗത്വമുള്ള തൊഴിലാളികൾക്ക് 60 വയസ്സ് പൂർത്തിയാവുകയോ സ്ഥായിയായ അവശതമൂലം തൊഴിലെടുക്കാൻ കഴിയാതെ വരികയോ ചെയ്താൽ ലഭിക്കുന്ന മെമ്പർ പെൻഷൻ, 1989 സെപ്റ്റംബർ 30 ന് മുൻപ് 60 വയസ്സ് പൂർത്തിയാവുകയോ തൊഴിലെടുക്കാൻ കഴിയാത്ത തരത്തിൽ ശാരീരിക അസ്വാധീനം സംഭവിക്കുകയോ ചെയ്ത മുൻ കയർ തൊഴിലാളികൾക്കുള്ള പെൻഷൻ, ക്ഷേമനിധി അംഗം മരണപ്പെട്ടാൽ ജീവിതപങ്കാളിക്ക് നൽകുന്ന കുടുംബ പെൻഷൻ, ക്ഷേമനിധിയിൽ നിന്നും അംഗം വിരമിക്കുമ്പോൾ നൽകുന്ന വിരമിക്കൽ ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാസഹായം, ശാരീരിക അവശതയുള്ള പ്രത്യേക സഹായം, അപകടമരണം സംഭവിക്കുന്ന അംഗത്തിന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം, ശവസംസ്കാര സഹായം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം എന്നിവ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നിലവിൽ നൽകിവരുന്നുണ്ട്. കൂടാതെ, പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാനം ഉറപ്പാക്കൽ പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 7,96,05,235/- രൂപ അനുവദിച്ചിട്ടുമുണ്ട്. ക്ഷേമനിധിയിൽ നിന്നും കയർ തൊഴിലാളികൾക്ക് നൽകി വരുന്ന വിവിധ ധനസഹായങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ക്ഷേമനിധി ബോർഡ് സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ